**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1386** **14-03-2022 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2020, 2021 വർഷങ്ങളിൽ അന്യത്രസേവനത്തിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകരുടെ വിവരങ്ങൾ വിഷയാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | മറുപടി അനുബന്ധം I, II, III, IV ആയി ചേർക്കുന്നു. |
| (ബി) | അന്യത്രസേവനം വഴി വിവിധ വിഷയങ്ങളിലുണ്ടായ സീനിയർ ഒഴിവുകളിൽ പ്രമോഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾക്കാണ് നൽകിയിട്ടുള്ളത്; എത്ര എണ്ണത്തിനാണ് ഇനി നൽകാൻ ഉള്ളത്; അന്യത്രസേവന ഒഴിവുകളിൽ പ്രമോഷൻ നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കാമോ; | (ബി) | 2020-21 അദ്ധ്യായന വർഷങ്ങളിൽ വിവിധ വിഷയങ്ങളിൽ HSST സീനിയർ 82 ഒഴിവുകൾ ഉള്ളതിൽ 67 എണ്ണത്തിൽ ജൂനിയർ അദ്ധ്യാപകർക്ക് തസ്തിക മാറ്റ നിയമനം വഴി പ്രൊമോഷൻ നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 2 സീനിയർ തസ്തികയിലേയ്ക്ക് ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനം വഴി പ്രൊമോഷൻ നൽകിയിട്ടുണ്ട്. 15 ഒഴിവുകളിൽ തസ്തികമാറ്റം വഴിയുള്ള പ്രൊമോഷൻ നടത്തിയിട്ടില്ല. നിയമനം നൽകാത്തതിന്റെ കാരണം ചുവടെ ചേർക്കുന്നു. (i) എച്ച്.എസ്.എസ്.ടി. ഗണിതം 02 ഒഴിവുകൾ - ഒരു അദ്ധ്യാപകൻ 2022 മെയ് 31 ന് റിട്ടയർ ആവുകയാണ്. ആയതിനാൽ ടി ഒഴിവ് 2021-ലെ പ്രൊമോഷനു വേണ്ടി എടുത്തിട്ടില്ല. കൂടാതെ ഒരു വേക്കൻസി DPC നടപടികൾ തുടങ്ങിയതിന് ശേഷം ഉണ്ടായതാണ്. ആയത് 2022-ലെ പ്രൊമോഷൻ വേക്കൻസിയിൽ ഉൾപ്പെടുത്തുന്നതാണ്. (ii) എച്ച്.എസ്.എസ്.ടി. ഇക്കണോമിക്സ് -2 ഒഴിവുകൾ 2022-ലെ പ്രൊമോഷൻ വേക്കൻസി യിൽ ഉൾപ്പെടുത്തുന്ന താണ്. (iii) എച്ച്.എസ്.എസ്.റ്റി. പൊളിറ്റിക്കൽ സയൻസ് 08-ഡെപ്യൂട്ടേഷൻ ഒഴിവുകൾ ജൂനിയർ പൊളിറ്റിക്കൽ സയൻസ് തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത അദ്ധ്യാപകർ ഇല്ലാത്തിനാൽ തസ്തികമാറ്റത്തിന് കണക്കാക്കി യിട്ടില്ല. (iv) എച്ച്.എസ്.എസ്.റ്റി. ജേർണലിസം 03 ഒഴിവുകൾ-ജൂനിയർ ജേർണലിസം തസ്തികയിൽ ആകെ 2 തസ്തികകളാണ് ഉള്ളത്. നിലവിൽ ആരും ജോലി ചെയ്യുന്നില്ല. ഒരു വേക്കൻസി പി.എസ്.സി. യ്ക്ക് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഒരു വേക്കൻസി ബൈട്രാൻസ്ഫറിലേയ്ക്ക് മാറ്റിയിരിക്കുന്നു. |
| (സി) | വിവിധ വിഷയങ്ങളിലായി ജൂനിയർ തസ്തികയിൽ അന്യത്രസേവനം വഴി ഉണ്ടായ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ഓരോ വർഷത്തെയും ജൂനിയർ ടു സീനിയർ പ്രമോഷനായി കണക്കാക്കപ്പെട്ട ഒഴിവുകളുടെ അതേ എണ്ണം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മാത്രമേ ഡി.പി.സി.യിൽ പ്രമോഷനായി പരിഗണിക്കാറുള്ളൂ എന്നും നിലവിൽ വരുന്ന ഒഴിവുകളുടെ മൂന്ന് മടങ്ങ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഉൾപ്പെടുത്താറില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | നിലവിലുള്ള ഒഴിവുകളെക്കാൾ 3 മടങ്ങ് അദ്ധ്യാപകരെ ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെടുത്തി, ടിയാളുകളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിശോധിച്ച് ഉറപ്പുവരുത്തി DPC മുമ്പാകെ സമർപ്പിക്കുന്നു. ആയത് DPC പരിശോധിച്ച് തീരുമാനമെടു ക്കുന്നവരെയാണ് സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. |
| (ഇ) | ജൂനിയർ ടു സീനിയർ പ്രമോഷനായുള്ള ഡി.പി.സി.യിൽ ഒഴിവുകൾക്കനുസൃതമായി മാത്രം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതു കാരണം, അദ്ധ്യാപകർ അവർക്ക് കിട്ടുന്ന പ്രൊമോഷൻ നിരസിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ നികത്തപ്പെടാൻ പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തപ്പെടാതെ അടുത്ത വർഷത്തെ പ്രമോഷൻ വരെ തുടരുന്നത് ഒഴിവാക്കാനായി നടപടികൾ സ്വീകരിക്കാമോ; ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | റീലിംഗിഷ്മെന്റ് ഒഴിവുകൾ കാലതാമസം കൂടാതെ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

**ഹയർ സെക്കണ്ടറി വിഭാഗം.**

| വിഷയം | എച്ച് .എസ്.എസ്.റ്റി ജൂനിയർ | എച്ച് .എസ് .എസ്.റ്റിസീനിയർ |
|---|---|---|
| ബോട്ടണി | 2 | 1 |
| സോഷ്യോളജി | | 1 |
| ഫിസിക്സ് | 1 | 8 |
| കെമിസ്ട്രി | 3 | 5 |
| ഹിന്ദി | 4 | 6 |
| ഇംഗ്ലീഷ് | | 15 |
| ഗണിതം | | 4 |
| സുവോളജി | 4 | |
| കമ്പ്യൂട്ടർ സയൻസ് | 1 | 6 |
| കൊമേഴ്സ് | 1 | 3 |
| ഹിസ്റ്ററി | | 1 |
| പൊളിറ്റിക്കൽ സയൻസ് | | 8 |
| ജോഗ്രഫി | | 3 |
| മലയാളം | 3 | 12 |
| സംസ്കൃതം | 1 | |
| ജേർണലിസം | | 3 |
| ഇക്കണോമിക്സ് | 1 | 6 |

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം II</u>**

**<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി  വിഭാഗം</u>**

| ക്രമ നം. | വിഷയം | സീനിയർ | ജൂനിയർ |
|---|---|---|---|
| 1 | ഇംഗ്ലീഷ് | നോൺ വൊക്കേഷണൽ 2 | നോൺ വൊക്കേഷണൽ 1 |
| 2 | ജോഗ്രഫി | | നോൺ വൊക്കേഷണൽ 1 |
| 3 | ഹിസ്റ്ററി | | നോൺ വൊക്കേഷണൽ 1 |
| 5 | കെമിസ്ട്രി | നോൺ വൊക്കേഷണൽ 1 | നോൺ വൊക്കേഷണൽ 1 |
| 6 | അക്കൗണ്ടിംഗ്& ടാക്സേഷൻ | നോൺ വൊക്കേഷണൽ 1 | |
| 7 | കൊമേഴ്സ് | നോൺ വൊക്കേഷണൽ 1 | |
| 8 | മാർക്കെറ്റിംങ് & സെയിൽസ്മാൻ ഷിപ്പ് | വൊക്കേഷണൽ 1 | |
| 9 | ജനറൽ ഫൗണ്ടേഷൻ കോഴ്സ് | | നോൺ വൊക്കേഷണൽ 1 |
| 10 | ബയോളജി | | നോൺ വൊക്കേഷണൽ 1 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം III**

**എൽപി./യു.പി/ഹൈസ്കൂൾ വിഭാഗം**

| **2020 വർഷത്തിൽ ഡെപ്യൂട്ടേഷനിൽ പ്രവേശിച്ച അദ്ധ്യാപകർ** | |
|---|---|
| എൽ.പി,എസ്.റ്റി | 40 |
| യു.പി,എസ്.റ്റി | 26 |
| പി.ഡി. ടീച്ചർ | 35 |
| പ്രൈമറി എച്ച്.എം. | 6 |
| ഹൈസ്കൂൾ ടീച്ചർ (മലയാളം) | 16 |
| ഹൈസ്കൂൾ ടീച്ചർ(ഇംഗ്ലീഷ്) | 16 |
| ഹൈസ്കൂൾ ടീച്ചർ (ഗണിതം ) | 13 |
| ഹൈസ്കൂൾ ടീച്ചർ (സംസ്കൃതം ) | 1 |
| ഹൈസ്കൂൾ ടീച്ചർ (ഹിന്ദി) | 3 |
| ഹൈസ്കൂൾ ടീച്ചർ (ഉറുദു) | 1 |
| ഹൈസ്കൂൾ ടീച്ചർ (അറബിക്) | 2 |
| ഹൈസ്കൂൾ ടീച്ചർ (നാച്ചുൽ സയൻസ്) | 4 |
| ഹൈസ്കൂൾ ടീച്ചർ (ഫിസിക്കൽ സയൻസ്) | 4 |
| ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) | 8 |
| ഹൈസ്കൂൾ ടീച്ചർ (തമിഴ്) | 2 |
| ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 2 |
| ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി) | 5 |
| ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ( അറബിക്) | 2 |
| പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി) | 1 |

**സെക്ഷൻ ഓഫീസർ**

**അപ്പൻഡിക്സ് IV**
**എൽപി./യു.പി/ഹൈസ്കൂൾ വിഭാഗം**

| **2021 വർഷത്തിൽ ഡെപ്യൂട്ടേഷനിൽ പ്രവേശിച്ച അദ്ധ്യാപകർ** | |
|---|---|
| എൽ.പി,എസ്.റ്റി | 59 |
| യു.പി,എസ്.റ്റി | 38 |
| പി.ഡി. ടീച്ചർ | 43 |
| പ്രൈമറി എച്ച്.എം. | 11 |
| ഹൈസ്കൂൾ ടീച്ചർ (മലയാളം) | 30 |
| ഹൈസ്കൂൾ ടീച്ചർ(ഇംഗ്ലീഷ്) | 31 |
| ഹൈസ്കൂൾ ടീച്ചർ (ഗണിതം ) | 17 |
| ഹൈസ്കൂൾ ടീച്ചർ (സംസ്കൃതം ) | 1 |
| ഹൈസ്കൂൾ ടീച്ചർ (ഹിന്ദി) | 22 |
| ഹൈസ്കൂൾ ടീച്ചർ (ഉറുദു) | 1 |
| ഹൈസ്കൂൾ ടീച്ചർ (അറബിക്) | 2 |
| ഹൈസ്കൂൾ ടീച്ചർ (നാച്ചുൽ സയൻസ്) | 12 |
| ഹൈസ്കൂൾ ടീച്ചർ (ഫിസിക്കൽ സയൻസ്) | 8 |
| ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) | 13 |
| ഹൈസ്കൂൾ ടീച്ചർ (തമിഴ്) | 2 |
| ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | 2 |
| ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി) | 9 |
| ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ( അറബിക്) | 1 |
| പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി) | 2 |
| ഡ്രോയിംഗ് | 1 |
| ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ( സംസ്കൃതം) | 2 |
| ഹൈസ്കൂൾ ഹെഡ്മാസ്റ്റർ | 3 |

**സെക്ഷൻ ഓഫീസർ**